**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - താനൂർ ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. വിനോദൻ എൻ. സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3738/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 22.11.2017

================================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 02.01.2013-ലെ ഡി4-17932/09 നമ്പർ ഉത്തരവ്

2. ശ്രീ. വിനോദൻ എൻ, താനൂർ ഗ്രാമപഞ്ചായത്ത് മുൻ യു.ഡി. ക്ലാർക്ക് 08.02.2013-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 15.04.2013-ലെ ഡി4-17932/09 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്തിൽ യു.ഡി. ക്ലാർക്കായി സേവമനുഷ്ഠിച്ച വരവെ ശ്രീ. വിനോദൻ, ശ്രീ. കിഴക്കിനിയത്ത് ഹുസൈൻ എന്ന വ്യക്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുവാൻ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി കൈക്കൊള്ളുവാൻ മനഃപൂർവ്വം കാലതാമസം വരുത്തി എന്ന പരാതിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (1) പ്രകാരം ശ്രീ. വിനോദന്റെ ഒരു വർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിൽ അച്ചടക്ക നടപടി ആരംഭിച്ചിട്ട് നേരിൽ കേൾക്കുന്നതിന് അവസരം നൽകാതെ ലഘുശിക്ഷ നൽകി അച്ചടക്ക നടപടി അവസാനിപ്പിച്ചു എന്ന് ആരോപിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കഠിന ശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയ ശേഷം ടിയാന്റെ മേലുള്ള കുറ്റം അതീവ ഗുരുതരമല്ലെന്ന് കണ്ടെത്തിയതിനാലാണ് ലഘുശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കിയത് എന്ന് കാണുന്നു. ലഘുശിക്ഷ നൽകിയതിൽ ടിയാനെ നേരിൽ കേട്ട് മാത്രമേ തീർപ്പ് കല്പിക്കാവൂ എന്ന് വ്യക്തമായി നിഷ്കർഷിച്ചിട്ടില്ല. കൂടാതെ കുറ്റാരോപണ മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്ന ശ്രീ. കിഴക്കിനിയത്ത് ഹുസൈന്റെ കെട്ടിട നമ്പറിനുള്ള അപേക്ഷയിന്മേൽ

കാലതാമസം വരുത്തി എന്ന ആരോപണത്തിന്മേൽ ശ്രീ. വിനോദൻ എൻ. വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ. വിനോദൻ എൻ.ന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമത്തിൽ വീഴ്ച വന്നതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ശ്രീ. വിനോദൻ എൻ. സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. വിനോദൻ എൻ, മുൻ യു.ഡി. ക്ലാർക്ക്, താനൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/219/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ